ബഡ്ജറിൽ 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമാണുള്ളത് അതിനാൽ കെട്ടിടം പണിക്ക് ആവശ്യമായ തുക ലഭ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ചു വരുന്നു.

മൂഴൂർ ആയുർവേദാശുപത്രി

767 [929] ശ്രീ. ഉമ്മൻ ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂഴൂർ ആയുർവേദാശുപത്രിയോടനുബന്ധിച്ച് 10 ബെഡ്ഡുകളോടുകൂടിയ വാർഡ് പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയും വേഗം എസ്റ്റിമേറ്റ് തയ്യാറാക്കുവാനും പണി ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പണിക്ക് 1,75,000 രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ധനലഭ്യതയനുസരിച്ച് പണി ആരംഭിക്കുന്നതാണ്.

ആയുർവേദ ആശുപത്രികളിൽ മരുന്നിന്റെ ദൗർലഭ്യം

768 [930] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദാശുപത്രികളിൽ ആവശ്യത്തിനു മരുന്നുകൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം ആയുർവേദ കോളേജിലെ ജലക്ഷാമം

769 [931] ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവേദ കോളേജിൽ ജലദൗർലഭ്യം ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly